പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4582** **28. 06. 2013-** ലെ മറുപടി

<u>സാന്ത്വനം പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u><br><u>ശ്രീ. ഹൈബി ഈഡൻ</u><br><u>ശ്രീ. കെ. ശിവദാസൻ നായർ</u><br><u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*<u>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും</u>*<br>*നോർക്കയും വകുപ്പ് മന്ത്രി)* |
| സാന്ത്വനം പദ്ധതി പ്രകാരം എന്നുമുതലാണ് ധനസഹായങ്ങൾക്ക് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | പ്രവാസ ജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി മലയാളികളുടെ ക്ഷേമത്തിന് വേണ്ടി രൂപീകരിച്ച നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയാണ് **'സാന്ത്വന പദ്ധതി'.** പ്രസ്തുത പദ്ധതിക്ക് 27/05/2005 ലെ സർക്കാർ ഉത്തരവ് (എം എസ്) നം. 02/05/നോർക്ക പ്രകാരമാണ് അംഗീകാരം നൽകിയിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി പ്രകാരം മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, വീൽചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം എന്നിവയാണ് അനുവദിച്ചു വരുന്നത്. നാളിതു വരെ വാർഷിക വരുമാന പരിധി 25,000/- രൂപയിൽ താഴെയുള്ള പ്രവാസി കുടുംബാംഗങ്ങൾക്കാണ് ധനസഹായം അനുവദിച്ചിരുന്നത്. എന്നാൽ 01/06/2013 ലെ സർക്കാർ ഉത്തരവനുസരിച്ച് വരുമാന പരിധി 1,00,000/- രൂപയായി ഉയർത്തിയിട്ടുണ്ട്.<br><br>**<u>മരണാനന്തര ധനസഹായം</u>** - നാളിതുവരെ വാർഷിക വരുമാനപരിധി 25,000/- രൂപ വരെയുള്ള, കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ |

കാലയളവുള്ള പ്രവാസികളുടെ കുടുംബാംഗങ്ങൾക്ക് 20,000/- രൂപവരെ അനുവദിച്ചിരുന്നു. സർക്കാരിന്റെ 01/06/2013 ലെ പുതുക്കിയ ഉത്തരവനുസരിച്ച് 1,00,000/- രൂപ വരെ വാർഷിക വരുമാനപരിധിയുള്ള കുടുംബാംഗങ്ങൾക്ക് 1,00,000/- രൂപ മരണാനന്തര ധനസഹായമായി (ഡെത്ത് കോമ്പൻസേഷൻ) ഉയർത്തിയിട്ടുണ്ട്.

**ചികിത്സാ ധനസഹായം-** നാളിതുവരെ വാർഷിക വരുമാനപരിധി 25,000/- രൂപ വരെയുള്ള, കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ കാലയളവുള്ള പ്രവാസികൾക്ക്/കുടുംബാംഗങ്ങൾക്ക് 20,000/- രൂപവരെ അനുവദിച്ചിരുന്നു. സർക്കാരിന്റെ 01/06/2013 ലെ പുതുക്കിയ ഉത്തരവനുസരിച്ച് 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള പ്രവാസിക്ക്/ കുടുംബാംഗങ്ങൾക്ക് മാരക രോഗങ്ങളുടെ ചികിത്സക്ക് ( തളർവാതം, കിഡ്നി തകരാറുകൾ, കാൻസർ, ഹൃദയ സംബന്ധമായ അസുഖങ്ങൾ ) തുടങ്ങിയവയ്ക്ക് 50,000/- രൂപ വരെയും മറ്റ് അസുഖങ്ങൾക്ക് 20,000/- രൂപ വരെയും ഉയർത്തിയിട്ടുണ്ട്.

**വിവാഹ ധനസഹായം-** തിരികെയെത്തി കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ കാലയളവുള്ള പ്രവാസി യുടെ പെൺ മക്കളുടെ വിവാഹ ചെലവിനായി പരമാവധി 15,000/- രൂപ വരെ അനുവദിക്കുന്നുണ്ട്

**വീൽ ചെയർ/ ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് -** തിരികെയെത്തി കുറഞ്ഞത് രണ്ട് വർഷത്തെ പ്രവാസ കാലയളവുള്ള പ്രവാസിക്കോ കുടുംബാംഗങ്ങൾക്കോ വീൽചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് 10,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ